പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2658

19-02-2016 - ൽ മറുപടി നൽകേണ്ടത്

# സി-ആപ്റ്റ് സ്ഥാപനത്തിൽ പ്രിന്റിംഗ് മെഷീൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സി-ആപ്റ്റ് സ്ഥാപനത്തിൽ പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിന് പണം അനുവദിച്ച സാഹചര്യത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് അവ വാങ്ങുന്നതിന് ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) സിംഗിൾ കളർ വെബ് ഓഫ് സെറ്റ് മെഷീൻ വാങ്ങിയിട്ടുണ്ട്. ഫോർ കളർ വെബ് മെഷീൻ വാങ്ങുന്നതിനായി 2014 - ൽ രണ്ട് തവണയും, 2015 -ൽ മൂന്ന് തവണയും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| ബി) ഇതിന്റെ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; മെഷീൻ വാങ്ങുന്നതിന് പണം അനുവദിച്ചത് എന്നാണ്; | ബി) ആദ്യ ടെണ്ടർ, ടെണ്ടർ വാല്യൂവിൽ വ്യത്യസമുണ്ടായതിനാൽ റദ്ദ് ചെയ്യുകയും, രണ്ടാമത്തെ ടെണ്ടർ നിഷ്കർഷിക്കുന്ന ആവശ്യങ്ങൾ പൂർണ്ണമായും പാലിക്കപ്പെടാത്തതിനാലും തുടർന്ന് നടന്ന മൂന്നാമത്തെ ടെൻഡറിൽ പങ്കാളികൾ ഉണ്ടാവാത്തതിനാലും നാലാമത്തെ ടെൻഡറിൽ മെഷീൻ പരിശോധന നടത്തിയ ശേഷം കിട്ടിയ ടെണ്ടറുകൾ അനുയോജ്യമല്ലായെന്ന് ടെണ്ടർ ഇവാല്യൂവേഷൻ കമ്മിറ്റി കണ്ടെത്തിയതിനാലും മെഷീന്റെ വിവരണങ്ങൾ പുന:ക്രമീകരിച്ച് വീണ്ടും ടെൻഡർ ക്ഷണിക്കാനുള്ള നടപടികൾ നടന്നു വരുന്നു. 2014-15, 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മെഷീൻ വാങ്ങുന്നതിന് പണം വകയിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| സി) ആവശ്യത്തിന് മെഷീനുകൾ ഇല്ലാത്തതിന്റെ പേരിൽ പുറംകരാർ നൽകേണ്ടി വന്നിട്ടും, മെഷീനുകൾ വാങ്ങാത്തതിന്റെയും ടെണ്ടർ നടപടി പൂർത്തീകരിക്കാത്തതിന്റെയും കാരണം കണ്ടെത്തി നടപടി സ്വീകരിക്കുമോ? | സി) നാല് ടെൻഡറുകൾ റദ്ദാക്കിയ സാഹചര്യത്തിൽ പഴുതുകളടച്ച് പുതിയ ടെൻഡർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ